**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1485** | **28-07-2021 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണക്കടത്ത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | രാമനാട്ടുകര വാഹനാപകടത്തിലൂടെ പുറത്തുവന്ന സ്വർണകള്ളകടത്ത് കേസിൽ പ്രതിസ്ഥാനത്തു നിൽക്കുന്നവർക്ക് ചില രാഷ്ട്രീയ പാർട്ടിയിലെ പ്രാദേശിക നേതാക്കൾ നേരിട്ട് വാഹനം ഉൾപ്പെടെയുള്ള സഹായം നൽകിയതായി ആക്ഷേപം ഉയർന്നിട്ടുള്ള സാഹചര്യത്തിൽ ഇവർക്കെതിരെ പോലീസ് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ ; | (എ) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | കള്ളക്കടത്തുകളും ക്വട്ടേഷൻ പ്രവർത്തനവും വ്യപകമാകുന്ന പ്രവണതകൾ അവസാനിപ്പിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (ബി) | കള്ളക്കടത്ത് തടയുന്നത് കേന്ദ്ര ധനമന്ത്രാലയത്തിൻ കീഴിലുള്ള കസ്റ്റംസ് വകുപ്പിന്റെ ചുമതലയാണ്. എന്നാൽ ക്രമ സമാധാനത്തെ ബാധിക്കുന്ന സംഘടിത കുറ്റകൃത്യങ്ങൾ ഉൾപ്പെടെയുള്ള കുറ്റകൃത്യങ്ങൾ തടയാനുള്ള എല്ലാ നടപടിയും പോലീസ് സ്വീകരിക്കുന്നതാണ്. പട്രോളിംഗും നിരീക്ഷണവും നടത്തുന്നതിനൊപ്പം ശക്തമായ നിയമനടപടികളും സ്വീകരിക്കുന്നുണ്ട്. |
| (സി) | രാഷ്ട്രീയ കൊലപാതകം അടക്കമുള്ള കേസുകളിൽ പ്രതികളോട് കാട്ടുന്ന മൃദുസമീപനമാണ് യുവാക്കൾക്ക് ക്വട്ടേഷൻ, കള്ളക്കടത്ത് പ്രവർത്തനങ്ങളിൽ ഏർപ്പെടുവാൻ പ്രചോദനമാകുന്നതെന്ന ആക്ഷേപം ഉയർന്നിട്ടുണ്ടോ ; എങ്കിൽ ഇത് പരിശോധിയ്ക്കുമോ; | (സി) | നിയമ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരോട് സർക്കാരിന് മൃദു സമീപനമില്ല. നിയമ വ്യവസ്ഥകൾ കർശനമായി നടപ്പാക്കും. |
| (ഡി) | സംസ്ഥാനത്ത് കള്ളക്കടത്തുകളും അനുബന്ധ കുറ്റകൃത്യങ്ങളും നിയന്ത്രിക്കുന്നതിനായി നിയമനിർമാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (ഡി) | സംഘടിത കുറ്റകൃത്യങ്ങൾ തടയാൻ നിയമ നിർമ്മാണം ആലോചനയിലാണ്. |

സെക്ഷൻ ഓഫീസർ